പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

15.12.2015 - ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 3062

## കയർ മേഖലയ്ക്ക് ഊർജ്ജം നൽകുന്ന കർമ്മപദ്ധതികൾ

| ചോദ്യം | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>" ഹൈബി ഈഡൻ<br>" സണ്ണി ജോസഫ്<br>" ലൂഡി ലൂയിസ് | |
| എ) കയർ മേഖലയ്ക്ക് ഊർജ്ജം നൽകുന്നതിന് കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ചിട്ടു ണ്ടോ; | എ) നിലവിലുള്ള പദ്ധതികൾ തുടർന്നു വരുന്നതോടൊപ്പം കയർ മേഖലക്ക് ഊർജ്ജം നൽകുന്നതിനും സമഗ്ര വികസനവും മുന്നിൽ ക്കണ്ടുകൊണ്ട് തൊണ്ട് സംഭരണത്തിനും ചകിരി ഉൽപ്പാദനത്തിനും വേണ്ടി പുതിയ പദ്ധതി ആവിഷ്ക്കരിച്ചിട്ടു ണ്ട്. തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് 2010 ലും 2012 ലും തൊണ്ട് സംഭരണ പദ്ധതി നടപ്പിലാക്കിയെങ്കിലും പ്രതീക്ഷിച്ച നേട്ടം ഈ മേഖലയിൽ കൈവരിക്കാൻ ഇപ്പോഴും കഴിഞ്ഞിട്ടില്ല. ഈ പോരായ്മ പരിഹരിക്കുന്നതിനും കയർ മേഖലക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുണ്ടായിരുന്ന പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊ ണ്ട് '**തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും**' എന്ന ഒരു പുതിയ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടു ണ്ട്. പദ്ധതി നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചു വരുന്നു. |
| ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ; | ബി) കേരളത്തിൽ ലഭ്യമാകുന്ന തൊണ്ട് സംഭരിച്ച് ചകിരി ഉൽപ്പാദിപ്പിച്ച് കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പാക്കി കയർ മേഖലയിലെ ചകിരി ക്ഷാമത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിനും അതുവഴി കയർ |

| | |
|---|---|
| | മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ സ്ഥിരതയും മികച്ച വരുമാനവും ഉറപ്പാക്കി കയർ വ്യവസായം പരിപോഷിപ്പിക്കുന്നതിനുമാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. |
| (സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടു ണ്ട്; | സി) 05.02.2015 ലാണ് തൊണ്ട് സംഭരണ പദ്ധതി പരിഷ്ക്കരിച്ച് തൊണ്ട് സംഭരണവും ചകിരി ഉത്പ്പാദനവും പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകിയത്. കയർ വകുപ്പിലെ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊ ണ്ടും സംസ്ഥാനത്തെ കയർ മേഖലയിലെ സഹകരണ സംഘങ്ങളെ പങ്കെടുപ്പിച്ചുകൊ ണ്ട് പ്രോജക്റ്റ് തിരിച്ചും സെമിനാറുകൾ നടത്തി പ്രസ്തുത പദ്ധതിയെക്കുറിച്ച് വിശദീകരിച്ചിരുന്നു. കയർ വികസന ഡയറക്ടറുടെ നിയന്ത്രണത്തിൽ കയർ വികസന ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന സെൽ ആണ് പദ്ധതിയുടെ പ്രവർത്തനം സംസ്ഥാന തലത്തിൽ ഏകോപിപ്പിക്കുന്നത്.<br>പദ്ധതി പ്രകാരം രൂപീകരിക്കേണ്ട ചകിരി, കയർ എന്നിവയുടെ വിലനിർണ്ണയ സമിതി രൂപീകരിച്ചുകൊ ണ്ട് 12.10.2015 ൽ സർക്കാർ ഉത്തരവായിട്ടു ണ്ട്. കമ്മിറ്റിയുടെ ആദ്യയോഗം 27.11.15 ന് ആലപ്പുഴയിൽ വച്ച് കൂടുകയും പച്ചത്തൊ ണ്ടിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന ചകിരി ഒരു കിലോയ്ക്ക് 17/- രൂപയായും, ഉണക്കത്തൊ ണ്ടിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന ചകിരി ഒരു കിലോയ്ക്ക് 14/- രൂപയായും നിശ്ചയിച്ചിട്ടു ണ്ട്.<br>പദ്ധതിയിലെ മാനദണ്ഡങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള റിവോൾവിംഗ് ഫണ്ട് നൽകുന്നതിനും ഉൾപ്പെടെയുള്ള മറ്റ് ആനുകൂല്യങ്ങൾ നൽകുന്നതിനുമായി 1,65,00,000/ രൂപ 10 പ്രോജക്റ്റ് ഓഫീസുകൾക്ക് അനുവദിച്ചിട്ടു ണ്ട്. പദ്ധതി നടപ്പാക്കുന്നതിനുള്ള തുടർ നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ